**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **29-07-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്) യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal(RFP)22.01.2021 ൽ പ്രസിദ്ധീകരിച്ച് റിടെൻഡർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ |

| | | | |
|---|---|---|---|
| | | | പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic) രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും. i. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തിര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സക്കും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്. ii. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻ പ്രകാരം ആയിരിക്കും. (i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. (ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നിർത്തിവെക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | മെഡിസെപ് പദ്ധതി നാളിതുവരെ നിർത്തിവെച്ചിട്ടില്ല. RGICL (Reliance General Insurance Company Ltd.) സർക്കാറിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂ എന്ന് ഇടക്കാല ഉത്തരവ് ആയ സാഹചര്യത്തിലും റിട്ട് അപ്പീൽ എത്രയും വേഗം തീർപ്പാക്കി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | മെഡിസെപ്പ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മെഡിസെപ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ സർക്കാറിനെതിരെ നിലവിലുള്ള റിട്ട് അപ്പീൽ (WA.615/2021) സംബന്ധിച്ച നിയമ നടപടികൾ പൂർത്തിയാകുന്ന പക്ഷം താമസംവിന പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ